തൊഴിൽത്തർക്കം.

* 6. [6] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) റിസീവർ ഭരണത്തിലിരുന്ന തോട്ടങ്ങളും വ്യവസായ സ്ഥാപനങ്ങളും ലേലംചെയ്ത പാട്ടത്തിനു കൊടുക്കുമ്പോൾ തൊഴിൽത്തർക്ക നിയമങ്ങൾക്ക് വിപരീതമായി തൊഴിലാളികളെ അവഗണിക്കുകയും തന്മൂലം തൊഴിൽത്തർക്കങ്ങൾ ഉണ്ടാവുകയും ചെയ്യുവരുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിത്തുര പൊന്നാൻചുണ്ട് എസ്റ്റേറ്റിൽ 1955 മേയ്, ജൂൺ മാസങ്ങളിൽ നടന്ന തൊഴിൽ സമരത്തിൽ തൊഴിലാളികൾ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെ;

(സി) ഗവണ്മെന്റ് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) 1954-ൽ ടാപ്പിംഗ് ജോലി ചെയ്തുകൊണ്ടിരുന്ന തൊഴിലാളികൾക്ക് ആ ജോലി നൽകുന്നില്ലാ എന്നും തന്മൂലം സംജാതമായിരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് നഷ്ടപരിഹാരം നൽകി മേപ്പറഞ്ഞ ടാപ്പിംഗ് തൊഴിലാളികൾക്ക് വീണ്ടും ജോലി നൽകണമെന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു.

(സി) അനുരഞ്ജന നടപടികൾ ലേബർ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുകയും അവ വിഫലമായതിനാൽ ഈ തൊഴിൽത്തർക്കം വ്യവസായകോടതിയുടെ തീരുമാനത്തിനായി ഗവണ്മെന്റ് വിടുകയും ചെയ്തു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നിലവിലുള്ള തൊഴിലാളിനിയമങ്ങൾ അനുസരിച്ച് തൊഴിലാളികളെ പിരിച്ചുവിടാൻ പാടില്ല എന്നു വ്യവസ്ഥയില്ലേ?

ശ്രീ. എ. ജെ. ജോൺ : സാധാരണഗതിയിൽ പിരിച്ചുവിടുകയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 19 തൊഴിലാളികളെ പിരിച്ചുവിട്ടതുകൊണ്ട് ആ തൊഴിലാളികളെ തിരിച്ചെടുക്കുന്നതിനു പൊന്നാൻചുണ്ട് എസ്റ്റേറ്റിൽ സമരം നടത്തിയതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ : അതു് അഡ്ജുഡിക്കേഷനു വിട്ടിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആ തൊഴിലാളികൾ ഇപ്പോൾ പട്ടിണിയായി കഴിഞ്ഞുകൂടുകയാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ : അതവരുടെ ധനസ്ഥിതി അനുസരിച്ചിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly